LIBRARY ARCHIVES Kerala Legislative Assembly

അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുമതി നൽകൽ

27 (5094) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ അൺഎയ്ഡഡ് സ്കൂളുകൾക്കും അനുമതി നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2011-ൽ വിദ്യാഭ്യാസ അവകാശചട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ കഴിയുന്നതല്ല. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (കൈ.) നമ്പർ 184/13/പൊ.വി.വ. തീയതി 10-6-2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധനനടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 308 സ്കൂളുകൾക്ക് 14-5-2015-ലെ സ.ഉ.(കൈ.)114/15/പൊ.വി.വ. ഉത്തരവുപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ലഭ്യമായ മറ്റ് അപേക്ഷകളിൽ പരിശോധന നടത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ നടപടികൾ പൂർത്തിയായശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.